## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 880 06/06/2018-ൽ മറുപടിയ്ക്ക്**

**<u>പട്ടികവർഗ്ഗവിഭാഗത്തിലെ പെൺകുട്ടികളുടെ ക്ഷേമത്തിന് പദ്ധതി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ.ബഷീർ : | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗവിഭാഗത്തിലെ പെൺകുട്ടികളുടെ സുരക്ഷക്കും ക്ഷേമത്തിനുമായി വാത്സല്യനിധി, ഗോത്ര വാത്സല്യനിധി എന്നീ പേരുകളിൽ ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | (എ) | 'ഗോത്രവാത്സല്യനിധി' എന്ന പേരിൽ ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിദ്യാഭ്യാസവും സാമൂഹ്യസുരക്ഷയും ഉറപ്പാക്കുക, കൊഴിഞ്ഞ് പോക്ക് തടയുക തുടങ്ങിയവ ലക്ഷ്യം വച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്. പെൺകുഞ്ഞിന്റെ ജനന രജിസ്ട്രേഷൻ, പ്രതിരോധ കുത്തിവെയ്പുകൾ, സ്കൂൾ പ്രവേശനം എന്നിവ ഉറപ്പാക്കുകയും ചെയ്യുന്നു. പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ ഇൻഷ്വറൻസ് തുക ലംപ്സം ആയി ലഭിക്കുകയും, ടി തുക കുട്ടിയുടെ തുടർ വിദ്യാഭ്യാസത്തിനോ തൊഴിൽ ആവശ്യത്തിനോ ഉപയോഗിക്കുന്നതിനും അതിലൂടെ കുട്ടിയുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിനും കഴിയുന്നു. രക്ഷിതാക്കൾക്കും ഇൻഷ്വറൻസ് ലഭിക്കുന്നു. |
| (സി) | പദ്ധതിയിലേക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും അപേക്ഷിക്കേണ്ട വിധം എങ്ങനെ എന്നും വെളിപ്പെടുത്തുമോ? | (സി) | പട്ടികവർഗ്ഗപെൺകുട്ടികളുടെ രക്ഷകർത്താക്കൾ, കുട്ടിയുടെ ജനനസർട്ടിഫിക്കറ്റ്, കുടുംബത്തിന്റെ വാർഷിക വരുമാന സർട്ടിഫിക്കറ്റ്, രക്ഷകർത്താക്കളുടെ ബാങ്ക് അക്കൗണ്ട് നമ്പർ, ആധാർ നമ്പർ സഹിതം ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ മുഖേന ജില്ലാ ഓഫീസർമാർക്ക് അപേക്ഷ നൽകാവുന്നതാണ്. മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## മാർഗ്ഗ നിർദ്ദേശങ്ങൾ

1. 01/04/2017 മുതൽ ജനിച്ച പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.
2. പെൺകുട്ടി ജനിച്ച് ജനനസർട്ടിഫിക്കറ്റ് ലഭ്യമാകുമ്പോൾ ആദ്യ ഗഡുവായി 39,000/- രൂപ വകുപ്പിൽ നിന്നും എൽ.ഐ.സി മുഖേന നിക്ഷേപിച്ച് പെൺകുട്ടിയുടെ പേരിൽ പോളിസി എടുക്കുന്നു.
3. പെൺകുട്ടിക്ക് 2 വയസ്സ് പൂർത്തിയാകുമ്പോൾ ആവശ്യമായ പ്രതിരോധ കുത്തിവെയ്പ്പുകൾ എടുക്കേണ്ടതാണ്. ആയതിന്റെ രേഖകൾ ഹാജരാക്കുമ്പോൾ പെൺകുട്ടിയുടെ മാതാപിതാക്കൾക്ക് 2,000/- രൂപ എൽ.ഐ.സി യിൽ നിന്നും ധനസഹായം ലഭ്യമാകും.
4. പെൺകുട്ടിയ്ക്ക് 5 വയസ് പൂർത്തിയായി സ്കൂളിൽ/അംഗൻവാടിയിൽ പേര് രജിസ്റ്റർ ചെയ്യുമ്പോൾ 2-ാം ഗഡുവായി വകുപ്പ് 36,000/- രൂപ എൽ.ഐ.സിയിൽ നിക്ഷേപിക്കുന്നു. തുടർന്ന് 3,000/- രൂപ ധനസഹായമായി എൽ.ഐ.സി മുഖേന രക്ഷിതാക്കൾക്ക് ലഭിക്കുന്നു.
5. പെൺകുട്ടിയ്ക്ക് 10 വയസ് പൂർത്തിയായി നാലാം ക്ലാസിൽ പ്രവേശിക്കുമ്പോൾ 3-ാം ഗഡുവായി വകുപ്പ് 33,000/- രൂപ എൽ.ഐ.സി യിൽ നിക്ഷേപിക്കുന്നു. തുടർന്ന് 5,000/- രൂപ ധനസഹായമായി എൽ.ഐ.സി മുഖേന രക്ഷിതാക്കൾക്ക് ലഭിക്കുന്നു.
6. പെൺകുട്ടിയ്ക്ക് 15 വയസ് പൂർത്തിയാകുമ്പോൾ വകുപ്പ് 4-ാം ഗഡുവായി 30,000/- രൂപ എൽ.ഐ.സി യിൽ നിക്ഷേപിക്കുന്നു.
7. പെൺകുട്ടി പത്താം ക്ലാസ്സ് പഠനം പൂർത്തിയാക്കുമ്പോൾ 10,000/- രൂപ പെൺകുട്ടിയുടെ രക്ഷിതാക്കൾക്ക് ധനസഹായമായി എൽ.ഐ.സി മുഖേന ലഭ്യമാകും.
8. പെൺകുട്ടിയ്ക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ ഇൻഷുറൻസ് തുക ലംപ്സം ആയി പെൺകുട്ടിക്ക് ലഭിക്കും.
9. മാതാപിതാക്കളിൽ ആരെങ്കിലും ഒരാൾ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളാണെങ്കിൽ അവരുടെ മകൾക്ക് (01/04/2017 മുതൽ ജനിച്ചത്) ഗോത്രവാൽസല്യനിധി പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.
10. ഗോത്രവാൽസല്യനിധി പദ്ധതിയിൽ പേര് ചേർക്കുന്ന പട്ടികവർഗ്ഗ പെൺകുട്ടിയുടെ രക്ഷകർത്താക്കളുടെ വാർഷിക വരുമാനം 5 ലക്ഷം രൂപയിൽ കുറവായിരിക്കണം.

സെക്ഷൻ ഓഫീസർ